# 2011-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1995-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1995-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 14-ാം വകുപ്പിനുള്ള ഭേദഗതി.—1995-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1995-ലെ 18) 14-ാം വകുപ്പിൽ, "12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അടയ്ക്കേണ്ട ഒരു തുക ഒഴികെ" എന്ന വാക്കുകളും അക്കങ്ങളും, ബ്രാക്കറ്റുകളും വിട്ടുകളയേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1995-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 14-ാം വകുപ്പുപ്രകാരം, 12-ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം അടയ്ക്കേണ്ട ഒരു തുക ഒഴികെ ഒരു തൊഴിലുടമയിൽ നിന്നുകിട്ടേണ്ടതായ ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ, അതിൻമേൽ പ്രതിവർഷം പതിനാറ് ശതമാനം എന്ന നിരക്കിലുള്ള പലിശ സഹിതം ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശികയെന്നപോലെ

അതേ രീതിയിൽ വസൂലാക്കാവുന്നതാണ്. 14-ാം വകുപ്പിന്റെ പരിധിയിൽ നിന്നും 12-ാം വകുപ്പിന്റെ (1) ഉപവകുപ്പിനെ ഒഴിവാക്കിയതുമൂലം, തൊഴിലുടമയിൽ നിന്നും നിധിയിലേക്ക് ലഭിക്കേണ്ടതായ അംശദായ കുടിശ്ശിക, നികുതി വസൂലാക്കൽ നടപടികൾ മുഖേന വസൂലാക്കാൻ കഴിയാതെ വന്നു. ആയതിനാൽ, ആക്റ്റിന്റെ 14-ാം വകുപ്പ് ഭേദഗതി ചെയ്ത് 12-ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം കൊടുക്കേണ്ടതായ തുകയും കൂടി 14-ാം വകുപ്പിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഷിബു ബേബി ജോൺ

(ശരിത്തർജ്ജമ)

# 1995-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1995-ലെ 18)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

*** *** ***

14. തൊഴിലുടമയിൽ നിന്നും കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.—ഈ ആക്റ്റിലെയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകളനുസരിച്ച് 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അടയ്ക്കേണ്ട ഒരു തുക ഒഴികെ ഒരു തൊഴിലുടമയിൽ നിന്നും കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ, അതിൻമേൽ പ്രതിവർഷം പതിനാറ് ശതമാനം എന്ന നിരക്കിലുള്ള പലിശ സഹിതം ഭൂമിയിന്മേലുള്ള പൊതു നികുതി കുടിശ്ശികയെന്നപോലെ അതേ രീതിയിൽ വസൂലാക്കാവുന്നതാണ്.

*** *** ***